compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2025 ഓഗസ്റ്റ് 12
Tuesday, 12th August 2025

1200 കർക്കടകം 27
27th Karkadakam 1200

1947 ശ്രാവണം 21
21st Sravana 1947

വാല്യം 14
Vol. XIV

നമ്പർ **32**
No.

Part III

Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ക്ലെയിം നോട്ടീസ്

[1969-ലെ കേരള സംസ്ഥാന സഹകരണ നിയമം ചട്ടം 69(2) പ്രകാരം]

നമ്പർ ARGNTA/1671/2025-UI(1). 2025 ജൂലൈ 29.

തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ എ.ഇ.എൽ. 244/2005 നമ്പർ ഉത്തരവ് പ്രകാരം ഉദിയൻകുളങ്ങര കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം റ്റി. 946-ന്റെ ലിക്വിഡേറ്ററായി പാറശ്ശാല യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. കേരള സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ-ടെ 26-5-2022-ലെ ആർ.സി.എസ്./4441/2022-AEL(1) നമ്പർ ഉത്തരവ് ലിക്വിഡേറ്ററുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. മേൽ സാഹചര്യത്തിൽ ടി സംഘത്തിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ക്ലെയിം ലഭിക്കാനുണ്ടെങ്കിൽ ആയത് 29-7-2025 മുതൽ രണ്ട് മാസത്തിനകം നെയ്യാറ്റിൻകര സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പാറശ്ശാല യൂണിറ്റ് ഇൻസ്പെക്ടറായ എന്നെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഏതൊരുവിധ ക്ലെയിമും ഇല്ലായെന്ന നിഗമനത്തിൽ ലിക്വിഡേഷൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചുകൊള്ളുന്നു.

സഹകരണ സംഘം
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
ആഫീസ്, നെയ്യാറ്റിൻകര.

(ഒപ്പ്)
ലിക്വിഡേറ്റർ/
പാറശ്ശാല യൂണിറ്റ് ഇൻസ്പെക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോട്ടയം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(സാന്നിധ്യം: പി. പി. സലിം)

നമ്പർ JRGKTM/2013/2025-AEL. 2025 ജൂലൈ 31.

വിഷയം:—സഹകരണ വകുപ്പ്—സമാപ്തീകരണം—കെ 782 കൂരോപ്പട പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ സഹകരണ സംഘം (ക്ലിപ്തം)—ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ ആഫീസിലെ 15-1-2024-ലെ എ.ഇ.എൽ. 222/2023 നമ്പർ ഉത്തരവ്.

(2) ഈ ആഫീസിലെ 29-7-2025-ലെ JRGKTM/2013/2025-AEL നമ്പർ ഉത്തരവ്.

(3) 21-7-2025-ലെ 4-ാം നമ്പർ പൊതുയോഗ തീരുമാനം.

(4) ലിക്വിഡേറ്ററുടെ 29-7-2025-ലെ 1-ാം നമ്പർ തീരുമാനം.

(5) കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാറുടെ 29-7-2025-ലെ ARGKTM/150/2024-UI(1) നമ്പർ കത്ത്.

കോട്ടയം ജില്ലയിലെ കൂരോപ്പട പഞ്ചായത്ത് ആസ്ഥാനമാക്കി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച കെ 782 കൂരോപ്പട പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ സഹകരണ സംഘം ക്ലിപ്തത്തിന്റെ പ്രവർത്തനം പരാമർശം (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ലിക്വിഡേറ്റർ ചാർജ്ജ് എടുത്ത് സമാപ്തീകരണ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സമാപ്തീകരണ നടപടികളുടെ ഭാഗമായി ചട്ടം 69(2)-ന് വിധേയമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. സംഘത്തിന്റെ ആസ്തി ബാധ്യതകൾ സംബന്ധിച്ച് ക്ലെയിം ഉന്നയിച്ച് കൊണ്ട് ആരും ലിക്വിഡേറ്ററെ സമീപിച്ചിട്ടില്ലാത്തതുമാണ്.

എല്ലാ നടപടികളും സ്വീകരിച്ചിട്ടും ബാക്കി നിന്നിരുന്നതും എന്നാൽ യാതൊരു നിലയ്ക്കും ഈടാക്കാൻ കഴിയാത്തതുമായ ആസ്തികളും കൊടുത്ത് വീട്ടാൻ കഴിയാത്ത ബാധ്യതകളും യഥാക്രമം എഴുതി തള്ളുന്നതിനും, കണ്ടുകെട്ടുന്നതിനും ലിക്വിഡേറ്റർ അപേക്ഷിക്കുകയും പ്രസ്തുത അപേക്ഷ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആയത് ശുപാർശ ചെയ്തതിന്റെയും അടിസ്ഥാനത്തിൽ അവ യഥാക്രമം എഴുതി തള്ളിയും കണ്ടുകെട്ടിയും പരാമർശം (2) പ്രകാരം ഉത്തരവാകുകയും ചെയ്തു.

സംഘത്തിന്റെ എ.ഇ.എൽ. ആഡിറ്റ് യഥാവിധി എ.ഇ.എൽ. ആഡിറ്റർ പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാർ ബാധ്യതകൾ ഒന്നും തന്നെ കൊടുത്ത് തീർക്കാൻ ഇല്ല. അന്തിമ പൊതുയോഗം ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയും സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് അന്തിമ പൊതുയോഗത്തിൽ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 73(3)-ന് വിധേയമായ റിപ്പോർട്ട് സഹിതം ലിക്വിഡേറ്റർ പരാമർശം (4) അപേക്ഷ സമർപ്പിക്കുകയും, കോട്ടയം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

കെ 782 കൂരോപ്പട പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ സഹകരണ സംഘം ക്ലിപ്തത്തിന്റെ സമാപ്തീകരണ നടപടികൾ ലികവിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലികവിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ 1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 70 പ്രകാരം 3 വർഷം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്ക് ശേഷം ഈ ആഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ)-ടെ കാര്യാലയം,
കോട്ടയം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കോഴിക്കോട് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: എൻ. എം. ഷീജ)

നമ്പർ സി.എസ്.-2260/2023. 2025 ജൂലൈ 22.

വിഷയം: —സഹകരണ വകുപ്പ്—കൊടിയത്തൂർ റീജിയണൽ അഗ്രികൾച്ചറൽ പ്രൊഡ്യൂസേഴ്സ് സ്റ്റോറേജ് ആന്റ് പ്രൊസസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) നമ്പർ ഡി 2713-ൽ കേരള സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം സമാപ്തീകരണം നടത്തുന്നതിന് ലിക്വിഡേറ്ററെ നിയോഗിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

സൂചന:—(1) കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 31-5-2023-ലെ സി. 1485/2023 നമ്പർ കത്ത്.

(2) മാവൂർ യൂണിറ്റ് ഇൻസ്പെക്ടറുടെ 31-5-2023-ലെ കേരള സഹകരണ നിയമം വകുപ്പ് 66 (2) പ്രകാരം നടത്തിയ പരിശോധന റിപ്പോർട്ട്.

കൊടിയത്തൂർ റീജിയണൽ അഗ്രികൾച്ചറൽ പ്രൊഡ്യൂസേഴ്സ് സ്റ്റോറേജ് ആന്റ് പ്രൊസസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) നമ്പർ ഡി 2713-ൽ മാവൂർ യൂണിറ്റ് ഇൻസ്പെക്ടർ 66 (2) പ്രകാരം നടത്തിയ പരിശോധന റിപ്പോർട്ട് സൂചന (1) പ്രകാരം സമർപ്പിച്ചിരിക്കുകയാണ്.

സംഘം നിയമാവലി പ്രകാരമുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താതെ തുടരുകയാണെന്ന് വ്യക്തമായിരിക്കുകയാണെന്നും സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത് സമർപ്പിച്ചിരിക്കുകയാണ്.

സംഘം കോഴിക്കോട് ജില്ലയിലെ തോട്ടുമുക്കം ആസ്ഥാനമാക്കി 7-9-2000-ൽ രജിസ്റ്റർ ചെയ്ത് 8-9-2000-ൽ പ്രവർത്തനം ആരംഭിച്ചതാണ്. സംഘത്തിൽ 257 എ ക്ലാസ് അംഗങ്ങളും, ₹ 1,07,000 ഓഹരി മൂലധനവും സംഘത്തിനുണ്ട്. സംഘത്തിന്റെ 2000-01 ആഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള ബാലൻസ് ഷീറ്റ് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ബാധ്യത	തുക ₹	ആസ്തി	തുക ₹
1	പിരിഞ്ഞുകിട്ടിയ മൂലധനം	107000.00	കയ്യിരിപ്പ് തുക	677.00
2	കിട്ടാത്തതും സംശയാസ്പദവുമായ വായ്പക്കുള്ള കരുതൽ	5587.00	സംഘത്തിന് വരേണ്ടവ	296087.00
3	സംഘത്തിൽ നിന്നും നൽകേണ്ടവ	190735.00	അറ്റനഷ്ടം	6558.00
	ആകെ	303322.00	ആകെ	303322.00

സംഘം 2004-2005 വർഷം വരെ പ്രവർത്തിച്ചിട്ടുണ്ടെന്നും അവസാന ഭരണസമിതിയോഗം 9-7-2005-ന് ചേർന്നത് അതേ ദിവസം തന്നെ ഫൈനൽ ഓഡിറ്റിനായി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. സംഘത്തിൽ ഭരണസമിതിയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ നിലവിലില്ലായെന്നും സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് ആരും തന്നെ മുന്നോട്ട് വന്നിട്ടില്ലായെന്നും ആയതിനാൽ സമാപ്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും ശുപാർശ ചെയ്താണ് സമർപ്പിച്ചിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ്

കൊടിയത്തൂർ റീജിയണൽ അഗ്രികൾച്ചറൽ പ്രൊഡ്യൂസേഴ്സ് സ്റ്റോറേജ് ആന്റ് പ്രൊസ്സസ്സിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) നമ്പർ ഡി 2713-ൽ സൂചന (2) പ്രകാരം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചതിൽ നിന്നും സംഘത്തിൽ ഭരണസമിതിയോ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ നിലവിലില്ലായെന്നും സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് ആരും തന്നെ മുന്നോട്ട് വന്നിട്ടില്ലായെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംഘത്തിനെ കേരള സഹകരണ നിയമം വകുപ്പ് 71(1) പ്രകാരം സമാപ്തീകരിക്കുന്നതിന് കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ മാവൂർ യൂണിറ്റ് ഇൻസ്പെക്ടർ ശ്രീമതി സനിത, എം. എൻ.-നെ കേരള സഹകരണ നിയമം വകുപ്പ് 72 (1) പ്രകാരം ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു.

ലിക്വിഡേറ്റർ സംഘത്തിൽ ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ അറിയിക്കുന്നതിനും ചാർജ്ജെടുത്ത തീയതി മുതൽ പരമാവധി 2 വർഷത്തിനകം ലിക്വിഡേഷൻ നടപടി പൂർത്തീകരിക്കണമെന്നും, ലിക്വിഡേഷനുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും സംഘം വഹിക്കണമെന്നും ഉത്തരവാകുന്നു.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ)-ടെ കാര്യാലയം,
കോഴിക്കോട്.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ),
കോഴിക്കോട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.12 11:02:30 +05:30